# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1677**

**04.12.2015 - ൽ**
**മറുപടിക്ക്**

## നീലേശ്വരം മുൻസിപ്പാലിറ്റി ബസ്സ്സ്റ്റാൻഡ് നിർമ്മാണത്തിന് സ്ഥലം

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) കൃഷി വകുപ്പിന്റെ അധീനതയിലുള്ള നീലേശ്വരം കരുവാശ്ശേരിയിലെ സ്ഥലം നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ്റ്റാന്റ് നിർമ്മിക്കുന്നതിന് വിട്ട് കൊടുക്കുന്നതിന് മന്ത്രിസഭായോഗ തീരുമാനമുണ്ടായിട്ടും കാർഷിക യൂണിവേഴ്സിറ്റി അധികൃതർ സ്ഥലം അളന്ന് നൽകാത്തതെന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ 20/06/2015-ൽ ചേർന്ന പ്രത്യേക ജനറൽ കൗൺസിൽ യോഗം നീലേശ്വരം മുൻസിപ്പാലിറ്റിയ്ക്ക് സ്ഥലം നൽകുന്ന വിഷയം പരിഗണിക്കുകയും വിട്ടുനൽകുന്ന ഭൂമിക്ക് പകരമായി ഭൂമിയോ നഷ്ടപരിഹാരതുകയോ ലഭ്യമാക്കിയതിനുശേഷം മാത്രം സർവ്വകലാശാല ഭൂമി നൽകിയാൽ മതിയെന്ന് തീരുമാനിക്കുകയുമുണ്ടായി. ജില്ലാ വികസനസമിതിയോഗത്തിൽ ഇതു സംബന്ധമായി നടന്ന ചർച്ചയുടെ ഭാഗമായി ജില്ലാ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് സർവ്വകലാശാല വിട്ടുനൽകുന്ന ഭൂമിക്ക് പകരമായി നൽകാമെന്നറിയിച്ച ചീമേനി ഭാഗത്തെ 15 കിലോമീറ്റർ ചുറ്റളവിലുള്ള സർക്കാർ ഭൂമി സർവ്വകലാശാലയ്ക്ക് സ്വീകാര്യമാണോ എന്ന് തീരുമാനമെടുക്കുന്നതിനായി പ്രസ്തുത നിർദ്ദേശം ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടേയും ജനറൽ കൗൺസിലിന്റേയും തീരുമാനത്തിന് വിധേയമായി, അനന്തരനടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| ബി) സ്ഥലം ലഭ്യമാക്കാൻ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ബി) നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായാണ് മന്ത്രിസഭാ തീരുമാന പ്രകാരം 09/11/2012-ലെ സ.ഉ.(സാധാ)നം.2202/2012/കൃഷി സർക്കാർ ഉത്തരവിലൂടെ നീലേശ്വരം നഗരസഭയ്ക്ക് 2 ഏക്കർ സ്ഥലം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ഉടൻ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ കേരള കാർഷിക സർവകലാശാലയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**